(ഇ) 1956-ലെ നോട്ടറി ചട്ടത്തിലെ 3-ാം വകുപ്പ് പ്രകാരം നോട്ടറിമാരുടെ നിയമനത്തിന് താഴെ പറയുന്ന യോഗ്യതകൾ ആവശ്യമാണ്.

(എ) കുറഞ്ഞത് 10 വർഷത്തെയെങ്കിലും അഭിഭാഷകവൃത്തിയിലുള്ള പരിചയം; അഥവാ,

(എഎ) അപേക്ഷകർ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ മറ്റു പിന്നോക്ക വിഭാഗത്തിലോ പെട്ടവരാണെങ്കിൽ കുറഞ്ഞത് 7 വർഷത്തെയെങ്കിലും അഭിഭാഷക വൃത്തിയിലുള്ള പരിചയം; അഥവാ,

(എബി) വനിതാ അഭിഭാഷകരാണെങ്കിൽ 7 കൊല്ലത്തെ സേവന പരിചയം ഉള്ളവരോ;

(ബി) കേന്ദ്ര ഗവൺമെന്റിന് കീഴിൽ ഇൻഡ്യൻ ലീഗൽ സർവ്വീസിലെ അംഗമായി ജോലി ചെയ്തിട്ടുള്ളവരോ;

(സി) ജുഡീഷ്യൽ സർവ്വീസിൽ 10 വർഷത്തെ സേവനം അനുഷ്ഠിച്ചിട്ടുള്ളവരോ;

(ഡി) (1) അഭിഭാഷകനായി എൻറോൾ ചെയ്ത ശേഷം കേന്ദ്ര/സംസ്ഥാന ഗവൺമെന്റിന് കീഴിൽ നിയമകാര്യത്തിൽ പ്രത്യേക പരിജ്ഞാനം ആവശ്യമായ ഉദ്യോഗം വഹിച്ചിട്ടുള്ളവരോ;

(ഡി) (2) ജഡ്ജ് അഡ്വക്കേറ്റ് ജനറൽ ഡിപ്പാർട്ടുമെന്റിൽ സേവനം അനുഷ്ഠിച്ചിട്ടുള്ളവരോ; അല്ലെങ്കിൽ സായുധ സേനയിലെ നിയമകാര്യ വകുപ്പിൽ സേവനം അനുഷ്ഠിച്ചിട്ടുള്ളവരോ; ആയിരിക്കണം.

അഭിഭാഷകർ വരുത്തിവയ്ക്കുന്ന നഷ്ടം ഈടാക്കാൻ നടപടി

151 [1090] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സർക്കാരിനുവേണ്ടി കോടതികളിൽ ഹാജരാകുന്ന അഭിഭാഷകർ അവരുടെ സേവന കാലത്ത് സർക്കാരിന് വരുത്തിവയ്ക്കുന്ന നഷ്ടം ഈടാക്കാൻ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ :

(ബി) സർക്കാർ അഭിഭാഷകർ ഉണ്ടാക്കുന്ന നഷ്ടം അവരിൽ നിന്ന് ഈടാക്കുന്നതിനായി എന്തെങ്കിലും വ്യവസ്ഥ നിലവിലുണ്ടോ ; വ്യക്തമാക്കുമോ ;

(സി) സർക്കാർ കക്ഷികളായ കേസുകളിൽ അഭിഭാഷകർ എതിർ കക്ഷികളുമായി ധാരണയുണ്ടാക്കി കേസുകളിൽ സർക്കാർ പരാജയപ്പെടുന്നതിന് ഇടയാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിൽ വ്യവസ്ഥയുണ്ട്.

(ബി) ഉണ്ട്. ഇപ്പോൾ 1963-ലെ കേരള പബ്ലിക് അക്കൗണ്ട്സ് ആക്റ്റ് പ്രകാരം സർക്കാർ അഭിഭാഷകരിൽ നിന്നും അവർ ഉണ്ടാക്കുന്ന നഷ്ടം അവരിൽ നിന്നും ഈടാക്കാൻ വ്യവസ്ഥയുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വിവിധ കോടതികളിൽ നിയമിക്കപ്പെട്ട സർക്കാർ അഭിഭാഷകർ

152 [1091] ശ്രീ. ടി. എം. ജേക്കബ് :

.. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആന്റണി സർക്കാരിന്റേയും ഉമ്മൻചാണ്ടി സർക്കാരിന്റേയും കാലത്ത് വിവിധ കോടതികളിൽ നിയമിക്കപ്പെട്ട സർക്കാർ അഭിഭാഷകർ ആരെല്ലാമാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഇവർക്കായി ഒരു വർഷം ശമ്പളയിനത്തിൽ നൽകുന്ന തുക എത്ര ;

(സി) ഇതിൽ എത്ര അഭിഭാഷകർക്ക് സർക്കാർ വാഹനങ്ങളും പ്രത്യേക സ്റ്റാഫിനേയും അനുവദിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആന്റണി സർക്കാരിന്റേയും ഉമ്മൻ ചാണ്ടി സർക്കാരിന്റേയും കാലത്ത് ഈ വകുപ്പിൽ നിന്നും വിവിധ കോടതികളിൽ നിയമിക്കപ്പെട്ട സർക്കാർ അഭിഭാഷകരുടെ പേരുവിവരവും വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. †

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

തസ്തികമാറ്റം വഴി ലീഗൽ അസിസ്റ്റന്റ് നിയമനം

153 [1092] ശ്രീ. ലൂഡി ലൂയീസ് :

.. പി. ടി. തോമസ് :

.. കെ. സി. ജോസഫ് :

.. കെ. എ. ചന്ദ്രൻ. താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമ വകുപ്പിൽ നിയമ ബിരുദധാരികളായ എത്ര ക്ലാസ്-ഫോർ ജീവനക്കാരുണ്ട് ; നിയമ വകുപ്പിലെ എൽ.എൽ.ബി. പാസ്സായ ടൈപ്പിസ്റ്റുകൾക്കും സി.എ.-മാർക്കും ലീഗൽ അസിസ്റ്റന്റുമാരായി പ്രമോഷൻ നൽകാറുണ്ടോ :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly